നവ കേരളം കർമപദ്ധതി
# നവകേരളം വാർത്ത
2025 ഫെബ്രുവരി വാല്യം 2
ന്യൂസ് ലെറ്റർ
ഓൺലൈൻ
48

## കേരളം മാലിന്യമുക്ത സംസ്ഥാനമായി തീരും : മുഖ്യമന്ത്രി പിണറായി വിജയൻ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ കേരളം പൂർണ്ണമായും മാലിന്യമുക്തമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാസർഗോഡ് ജില്ലയിൽ മടിക്കൈ പഞ്ചായത്തിലെ എരിക്കുളത്ത് നിർമ്മിച്ച കെ.എം. സ്മാരക ജനകീയാസൂത്രണ രജത ജൂബിലി മന്ദിരം നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ സർക്കാർ അധികാരത്തിൽ എത്തിയ സമയം കേരളത്തിലെ ചുറ്റുപാടുകൾ മാലിന്യം വലിച്ചെറിഞ്ഞ് മാലിന്യ കൂമ്പാരങ്ങൾ നിറഞ്ഞതായിരുന്നു. എന്നാൽ മാലിന്യ മുക്ത പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയപ്പോൾ ഒരു പരിധിവരെ ഈ പ്രശ്നത്തിൽ കുറവുണ്ടായി. എന്നാൽ പൂർണ്ണതയിൽ എത്തിക്കുന്നതിനായി ഇപ്പോൾ ജനകീയ യജ്ഞം സംസ്ഥാനത്ത് നടന്നു വരികയാണെന്നും അതിന്റെ ഭാഗമായി കേരളം പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമായി തീരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.



## പുതുതായി മൂന്ന് സ്കൂൾ കെട്ടിടങ്ങൾകൂടി ഉദ്ഘാടനം ചെയ്തു




കാസർഗോഡ് ബോവിക്കാനം ബി.എ.ആർ.എച്ച്.എസ്. നായി പണിത പുതിയ ഹയർ സെക്കൻഡറി ബ്ലോക്ക് കെട്ടിടം, കാസർഗോഡ് വികസന പാക്കേജിൽ പൂർത്തീകരിച്ച കാനത്തൂർ ജി.യു. പി. സ്കൂൾ കെട്ടിടം, കുറ്റിക്കോൽ ഗവൺമെന്റ് ഹൈസ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടം എന്നിവയുടെ ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു.

## പെരളശ്ശേരി ഇനി മാലിന്യമുക്ത പഞ്ചായത്ത്

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യത്തെ മാലിന്യമുക്തമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പ്രഖ്യാപിച്ചു. ശുചിത്വത്തിന്റെ മഹനീയ മാതൃകയാണ് പെരളശ്ശേരി സൃഷ്ടിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. മൂന്നുപെരിയയിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ബി. ഷീബ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ, സ്റ്റാർ റേറ്റിംഗിൽ മികച്ച പദവി ലഭിച്ച വിദ്യാലയങ്ങൾക്കുള്ള ഉപഹാരം വിതരണം ചെയ്തു. ജനപ്രതിനിധികൾ, പൊതു പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയവർക്ക് ഉപഹാരങ്ങളും സാക്ഷ്യപത്രങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.





# എഡിറ്റോറിയൽ

## ജനകീയ ക്യാമ്പയിനിൽ റസിഡന്റ്സ് അസോസിയേഷനുകൾ



സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഇതിൽ റസിഡന്റ്സ് അസോസിയേഷനുകളുടെ പങ്കാളിത്തം പ്രതീക്ഷാനിർഭരമാണ്. കേരളത്തെ ഒരു പുരോഗമന സമൂഹമായി നിലനിർത്തുന്നതിലും സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിലും നേതൃപരമായ പങ്കുവഹിക്കുന്ന സംഘടനകളാണ് റസിഡന്റ്സ് അസോസിയേഷനുകൾ. ഒരു പ്രദേശത്തിന്റെയും അവിടെ താമസിക്കുന്നവരുടെയും താൽപര്യങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിൽ റസിഡന്റ്സ് അസോസിയേഷനുകൾക്ക് നിർണ്ണായക പങ്കാണുള്ളത്. അതുകൊണ്ടുതന്നെയാണ് ഈ സംഘടനാ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നീ ഘടകങ്ങളും ഉൾപ്പെടുന്നത്. ഇതിന്റെ മികച്ച മാതൃകകൾ പലയിടങ്ങളിലും കാണുന്നുണ്ടെന്ന കാര്യവും ശ്രദ്ധേയം.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന പിന്തുണ പൂർണമായും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് റസിഡന്റ്സ് അസോസിയേഷനുകൾ ഇപ്പോൾ മുന്നോട്ടു വരുന്നത് ഏറെ പ്രതീക്ഷ നൽകുന്നു. ഈ വിഷയം അടിസ്ഥാനമാക്കി റസിഡന്റ്സ് അസോസിയേഷനുകളുടെ സംസ്ഥാന-ജില്ലാതല ചുമതലക്കാരെ പങ്കെടുപ്പിച്ച് ഹരിതകേരളം മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശിൽപശാലയും തുടർന്ന് ജില്ലാതലങ്ങളിൽ നടക്കുന്ന ശിൽപശാലകളും അനുബന്ധ പ്രവർത്തനങ്ങളും ഫലപ്രദമായ മാറ്റങ്ങൾക്കാണ് വഴിയൊരുക്കുന്നത്. മാലിന്യം വലിച്ചെറിയുന്നതിന്റെയും, കത്തിക്കുന്നതിന്റെയും ദോഷ ഫലങ്ങളെക്കുറിച്ച് റസിഡന്റ്സ് അസോസിയേഷനുകൾ പതിവായി ബോധവൽക്കരണം നടത്തണം. ഇതിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം, പാഴ്‌വസ്തുക്കളുടെ പുനഃരുപയോഗം എന്നിവ വിഷയമാക്കണം. മാലിന്യം യഥാവിധി വേർതിരിക്കുന്നതിലും അവ തരംതിരിച്ച് വയ്ക്കുന്നതിലും എല്ലാ വീടുകളിലും സംവിധാനമൊരുക്കാൻ നിർദ്ദേശിക്കാം. ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ കമ്പോസ്റ്റിംഗ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാം. പച്ചത്തുരുത്തുകൾ തീർത്തുകൊണ്ടുള്ള ഹരിത ഇടങ്ങൾ സൃഷ്ടിക്കുന്നത് പരിസ്ഥിതി സൗഹൃദ പ്രവർത്തനവും ഒപ്പം നെറ്റ് സീറോ കാർബൺ കേരളത്തിലേയ്ക്കുള്ള ചുവടുവയ്പ്പുമായിരിക്കും. ഇപ്രകാരം ശുചിത്വ മാലിന്യ സംസ്കരണ പരിപാടികൾ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകാനുള്ള ഊർജ്ജം പകരാൻ റസിഡന്റ്സ് അസോസിയേഷനുകൾക്ക് കഴിയും.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ഹരിത പ്രഖ്യാപനം മന്ത്രി ആർ. ബിന്ദു നിർവഹിച്ചു



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തൃശൂർ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഹരിത പഞ്ചായത്ത് പ്രഖ്യാപനം ശ്രീനാരായണപുരം മാർക്കറ്റ് ഓഡിറ്റോറിയത്തിൽ നടന്നു. ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ സ്വാഗതം പറഞ്ഞു. ചടങ്ങിൽ ഇ.ടി. ടൈസൻ മാസ്റ്റർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത അയൽക്കൂട്ടം, ഹരിത സ്ഥാപനം, എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്തു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഗിരിജ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി രഹന പി. ആനന്ദ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ സുഗത ശശിധരൻ, കെ.എസ്. ജയ, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ദിദിക സി. തുടങ്ങിയവർ സംസാരിച്ചു.

# ആരോഗ്യം ആനന്ദം - അകറ്റാം അർബുദം സ്ക്രീനിംഗ് പുരോഗമിക്കുന്നു

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ ആദ്യ 23 ദിവസം 4,22,330 പേർക്ക് കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 1398 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്തതിൽ 22,605 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്തു. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, മാധ്യമ പ്രവർത്തകർ, സെക്രട്ടറിയേറ്റ് ജീവനക്കാർ, ടെക്നോപാർക്ക് ജീവനക്കാർ തുടങ്ങിയവർക്കായി പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചു. അതിലെല്ലാം ബഹുഭൂരിപക്ഷം പേരും പങ്കെടുത്തു. തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തിയാൽ സ്ത്രീകൾക്ക് കാൻസർ സ്ക്രീനിംഗ് നടത്താവുന്നതാണ്. എല്ലാ സ്ത്രീകളും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതാണ്. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

സർക്കാർ-സ്വകാര്യ-സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബുകൾ എന്നിവരും സഹകരിക്കുന്നുണ്ട്. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും.

# സംസ്ഥാനത്ത് ആദ്യമായി കാൻസർ ഗ്രിഡ് : മന്ത്രി വീണാ ജോർജ്



കാൻസർ ചികിത്സയും അനുബന്ധ സേവനങ്ങളും ഏകോപിപ്പിച്ചുകൊണ്ടുള്ള ബൃഹദ് ശൃംഖല സംസ്ഥാനത്ത് കൂടുതൽ കാര്യക്ഷമമാക്കാൻ കാൻസർ ഗ്രിഡ് ഏറെ സഹായകരമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് കാൻസർ ഗ്രിഡ് പ്രകാശനം ചെയ്തു. താഴെത്തട്ട് മുതലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നവരിൽ കാൻസർ രോഗസാധ്യതയുള്ളവർക്ക് മറ്റിടങ്ങളിൽ അലയാതെ കൃത്യമായ പരിശോധനയും ചികിത്സയും ലഭ്യമാക്കുന്നു. സംസ്ഥാനത്തെ വിവിധ കാൻസർ പരിശോധനാ കേന്ദ്രങ്ങളുടേയും ചികിത്സാ സൗകര്യമുള്ള ആശുപത്രികളുടേയും പരിശോധനാ കേന്ദ്രങ്ങളുടേയും റീജിയണൽ കാൻസർ സെന്ററുകളുടേയും ഒരു ശൃംഖലയാണിത്. സംസ്ഥാനത്തെമ്പാടും ഒരേ തരത്തിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. കാൻസർ ഗ്രിഡിലൂടെ രോഗികൾക്ക് എവിടെയാണെങ്കിലും സമാനമായ ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നു. കാൻസർ പരിചരണത്തിനായി ഏകീകൃത ചികിത്സാ പ്രോട്ടോക്കോളുകളും മാർഗനിർദ്ദേശങ്ങളും സാധ്യമാക്കാനും ഇതിലൂടെ കഴിയുന്നു. എവിടെയെല്ലാം കാൻസർ സ്ക്രീനിംഗ് സൗകര്യം ലഭ്യമാണ്, പരിശോധനയിൽ കാൻസർ സംശയിച്ചാൽ എവിടേക്ക് റഫർ ചെയ്യണം, അവിടെ എന്തെല്ലാം സേവനങ്ങൾ ലഭ്യമാകും, തുടങ്ങി കാൻസറിന്റെ ഓരോ ഘട്ടത്തിലും എവിടെയെല്ലാം പരിശോധനയും ചികിത്സയും ലഭ്യമാകുന്നു എന്ന് കൃത്യമായി മാപ്പ് ചെയ്യുന്ന സംവിധാനമാണ് കാൻസർ ഗ്രിഡ്.

## സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത പദവിയിലേക്ക്

ഹരിത പെരുമാറ്റച്ചട്ടം പാലിച്ചും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറുന്നു. ഇതിനു മുന്നോടിയായി സംസ്ഥാന ലൈബ്രറി കൗൺസിലിനു കീഴിലുള്ള താലൂക്ക്-ജില്ല-സംസ്ഥാന തലങ്ങളിലെ ഗ്രന്ഥശാലാ പ്രതിനിധികളെ പങ്കെടുപ്പിച്ച് തൃശൂർ കില ആസ്ഥാനത്ത് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർമാർ, ശുചിത്വമിഷൻ ജില്ലാ അസിസ്റ്റന്റ് കോർഡിനേറ്റർമാർ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.



ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രന്ഥശാല സംഘവും കിലയും സംയുക്തമായി സംഘടിപ്പിച്ച ശിൽപശാല ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി.കെ. മധു ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ ചടങ്ങിൽ അധ്യക്ഷനായി. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഹരിതകേരളം മിഷൻ പ്രോജക്ട് ഓഫീസർമാരായ പി. അജയകുമാർ, വി. രാജേന്ദ്രൻ നായർ, യംഗ് പ്രൊഫഷണൽ സൂര്യ എസ്.ബി. എന്നിവർ ശിൽപശാലയിലെ സെഷനുകളിൽ അവതരണങ്ങൾ നടത്തി.

## 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ' ശില്പശാല



ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ നടത്തുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനമായ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിന്റെ കോട്ടയം ജില്ലാതല ശില്പശാല സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ വെളിയന്നൂർ, തിരുവാർപ്പ്, മീനച്ചിൽ, വാഴൂർ, എലിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളാണ് ക്യാമ്പയിനായി തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചത്. രണ്ടാംഘട്ടത്തിൽ ചെമ്പ്, ഞീഴൂർ, പുതുപ്പള്ളി, മാടപ്പള്ളി, തിടനാട്, കൂട്ടിക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും പള്ളം ബ്ലോക്കിലെ വിജയപുരം, പനച്ചിക്കാട്, അയർക്കുന്നം, കുറിച്ചി പഞ്ചായത്തുകളുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച 5 ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ഓഫീസുകൾ, പൊതു ഇടങ്ങൾ, കൃഷിയിടങ്ങൾ എന്നിവയിൽ ആദ്യഘട്ടത്തിൽ സർവേ നടത്തി കാർബൺ എമിഷൻ കണക്കാക്കുകയും വിവിധ പദ്ധതികൾ നടപ്പിലാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷനിലൂടെ സർവേ നടത്തി കാർബൺ എമിഷന്റെ തോത് കണക്കാക്കുന്ന പ്രവർത്തനം വൈകാതെ ആരംഭിക്കും.

## പരമ്പരാഗത മാവ് ഇനങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠന പരിപാടി

കണ്ണൂർ സെൻട്രൽ ജയിലിലെ പരമ്പരാഗത മാവ് ഇനങ്ങളെ കുറിച്ചുള്ള ശാസ്ത്രീയ പഠനത്തിന് തുടക്കമായി. കണ്ണൂർ സെൻട്രൽ ജയിലിനെ നെറ്റ് സീറോ കാർബൺ ജയിലായി പരിവർത്തനപ്പെടുത്താൻ ആരംഭിച്ച ക്യാമ്പയിന്റെ തുടർച്ചയായാണ് മാവുകളുടെ ശാസ്ത്രീയ പഠനം നടത്തുന്നത്. നെറ്റ് സീറോ കാർബൺ പദ്ധതി കണ്ണൂർ സെൻട്രൽ ജയിലിൽ നടപ്പിലാക്കുന്നത് 'ഹരിത സ്പർശം' എന്ന പേരിലാണ്.

ഹരിതകേരളം മിഷനും പയ്യന്നൂർ കോളേജ് ബോട്ടണി റിസർച്ച് വിഭാഗവും കുഞ്ഞിമംഗലം മാങ്ങാ കൂട്ടായ്മയും കണ്ണൂർ സെൻട്രൽ ജയിൽ അധികൃതരും സംയുക്തമായാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സെൻട്രൽ ജയിൽ കോമ്പൗണ്ടിനകത്തുള്ള 198 മാവുകളുടെയും കോമ്പൗണ്ടിന് പുറത്തുവരുന്ന ഇരുന്നൂറോളം മാവുകളുടെയും ശാസ്ത്രീയ പഠനമാണ് ഹരിത സ്പർശത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ജയിൽ വകുപ്പ് ഉത്തരമേഖല ഡി.ഐ.ജി. ബി. സുനിൽകുമാർ സർവേ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് വേണു, ജോയിന്റ് സൂപ്രണ്ട് ഗിരീഷ്കുമാർ, ഡെപ്യൂട്ടി സൂപ്രണ്ട് ഡി. ദിനേഷ്ബാബു, ജയിൽ ഉദ്യോഗസ്ഥരായ പി.ടി. സന്തോഷ്, കെ. അജിത്, എൽ. ബാബു, കെ. വിനോദൻ, വി. സന്തോഷ്, ഷിനോജ്, ബിജോയ്, പയ്യന്നൂർ കോളേജ് ബോട്ടണി വിഭാഗം അധ്യാപകനും റിസർച്ച് ഗൈഡുമായ രതീഷ് നാരായണൻ, കുഞ്ഞിമംഗലം മാങ്ങാ കൂട്ടായ്മ പ്രവർത്തകൻ പി.പി. രാജൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ശ്രീരാഗ് രമേശ് എന്നിവർ സർവേയ്ക്ക് നേതൃത്വം നൽകി. തിരഞ്ഞെടുത്ത ജയിൽ അന്തേവാസികൾക്ക് മാവുകളുടെ ശാസ്ത്രീയ പഠനത്തിനായുള്ള പരിശീലനമാണ് ആദ്യഘട്ടത്തിൽ ആരംഭിച്ചത്. മാവിന്റെ ഇലകൾ, മാങ്ങ, പൂങ്കുല തുടങ്ങിയ വിവിധ ഘടകങ്ങൾ ശാസ്ത്രീയമായി പരിശോധിച്ചും മാങ്ങയിലെ പഞ്ചസാര, നാരുകൾ തുടങ്ങിയ ഘടകങ്ങൾ ലാബ് പരിശോധനയിലൂടെ കണ്ടെത്തിയുമാണ് മാവുകളെ അടയാളപ്പെടുത്തുന്നത്. ജയിൽ അന്തേവാസികളുടെ പ്രത്യേക ടീമുകളാണ് ഓരോ മാവിനെയും ശാസ്ത്രീയമായി നിരീക്ഷിച്ചു അവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നത്. പ്രാഥമിക പഠനം പൂർത്തിയാക്കി മാവുകളുടെ ഇനം നിശ്ചയിച്ച ശേഷം ഗ്രാഫ്റ്റിങ്ങിലൂടെ ഓരോ ഇനം മാവിന്റെയും പുതിയ തൈകൾ ഉത്പാദിപ്പിച്ചു തുടങ്ങും.

## മാലിന്യമുക്തം നവകേരളം - മെഗാ ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ച് ഇടുക്കിയിലെ ഇരട്ടയാർ



മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്ക് കുടുംബശ്രീ, വിവിധ സാമൂഹിക-സാംസ്കാരിക - രാഷ്ട്രീയ, ഓട്ടോ-ടാക്സി തൊഴിലാളികൾ, വ്യാപാരി വ്യവസായികൾ എന്നിവരുടെ സഹകരണത്തോടെ അയ്യായിരത്തിലധികം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രീൻ ഇരട്ടയാർ എന്ന പേരിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തംഗങ്ങൾ സിഡിഎസ് ചെയർ പേഴ്സൺ, ഹരിതകേരളം മിഷൻ എന്നിവരുടെ നേതൃത്വത്തിൽ അയൽകൂട്ടയോഗങ്ങളും വിപുലമായ സംഘാടക സമിതിയും രൂപീകരിച്ചുകൊണ്ടാണ് ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. പഞ്ചായത്തിലെ പൊതു വഴികൾ വെട്ടിത്തെളിച്ചും പൊതുഇടങ്ങളിലെ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചുകൊണ്ടും നടത്തിയ പൊതുബോധവത്കരണ പരിപാടിയിൽ വൻ ജനപങ്കാളിത്തമാണ് ഉണ്ടായത്. പൊതുജനങ്ങളോടൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നിന്നുള്ള എൻ.സി.സി, എൻ.എസ്.എസ്., എസ്.പി.സി. കുട്ടികളും പങ്കെടുത്തു. ശുചീകരണ പരിപാടിക്ക് അതത് വാർഡുകളിലെ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ നേതൃത്വം നൽകി. ക്യാമ്പയിന്റെ ഭാഗമായി 15 ടണ്ണിലധികം പ്ലാസ്റ്റിക്ക്-ചില്ല് മാലിന്യങ്ങളാണ് ശേഖരിച്ചത്. ഇത് ക്ലീൻ കേരള കമ്പനിക്ക് കൈമാറും. മാർച്ച് 30 ന് സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായി ഹരിതകേരളം മിഷനുമായി സഹകരിച്ച് ഹരിത അയൽക്കൂട്ടങ്ങൾ, ഹരിതവിദ്യാലയങ്ങൾ, ടൗണുകൾ തുടങ്ങി വിവിധ പ്രഖ്യാപനങ്ങൾ പഞ്ചായത്ത് നടത്തിയിട്ടുണ്ടെന്നും, വിപുലമായ ബോധവത്കരണ പരിപാടികൾ കൂടി സംഘടിപ്പിച്ചുകൊണ്ട് സമ്പൂർണ്ണ മാലിന്യമുക്ത പ്രഖ്യാപനം ലക്ഷ്യം വച്ചുകൊണ്ടാണ് ഗ്രീൻ ഇരട്ടയാർ പരിപാടി സംഘടിപ്പിച്ചിട്ടുള്ളതെന്നും പ്രസിഡന്റ് ആനന്ദ് സുനിൽകുമാർ അറിയിച്ചു. എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ രണ്ട് ബെയിലിങ്ങ് യന്ത്രങ്ങളാണ് പഞ്ചായത്തിന്റെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയിൽ ഉള്ളത്. പൊതു ഇടങ്ങളിൽ മാലിന്യം തള്ളുന്നത് കണ്ടെത്തുന്നതിന് പഞ്ചായത്ത് തല വിജിലൻസ് സ്ക്വാഡ് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

## ബ്ലോക്ക് തല ഹരിത പ്രഖ്യാപനങ്ങൾ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ഹരിത പ്രഖ്യാപനങ്ങളും ഹരിതകേരളം മിഷന്റെ സാക്ഷ്യപത്ര വിതരണവും സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം ജിജു പി. അലക്സ് നിർവഹിച്ചു. ബ്ലോക്ക് പ്രസിഡന്റ് ബി.പി. മുരളി അധ്യക്ഷത വഹിച്ചു. അഡ്വ. ശ്രീജ ഉണ്ണികൃഷ്ണൻ സ്വാഗതവും, സെക്രട്ടറി ബിനിൽ എസ്. റിപ്പോർട്ട് അവതരണവും നടത്തി.



## ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനം

വയനാട് പുൽപള്ളി പഞ്ചായത്ത് മാവിലാം തോട് ലാൻഡ്സ്കേപ് മ്യൂസിയം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ടി.എസ്. ദിലീപ് കുമാർ ടൂറിസം സെന്റർ മാനേജർ രാജുവിന് സർട്ടിഫിക്കറ്റ് കൈമാറി പ്രഖ്യാപനം നടത്തി. വാർഡ് മെമ്പർ മണി പമ്പനാൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, വിവിധ ടൂറിസം സെന്റർ മാനേജർമാർ, ഹരിതകേരളം മിഷൻ ആർ.പി. എന്നിവർ സംസാരിച്ചു. ടൂറിസം സെന്റർ ജീവനക്കാർ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

### റസിഡൻസ് അസോസിയേഷനുകളിൽ

## ഹരിത പെരുമാറ്റച്ചട്ടം

കണ്ണൂർ ജില്ലയിലെ എല്ലാ റസിഡൻസ് അസോസിയേഷനുകളിലും ഹരിത പെരുമാറ്റ ചട്ടം കർശനമായി പാലിക്കാൻ തീരുമാനം. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ചേർന്ന യോഗത്തിൽ പത്തിന കർമപരിപാടി അംഗീകരിച്ചു. റെസിഡന്റ്സ് അസോസിയേഷനിലെ എല്ലാ വീടുകളിലെയും പൊതു ചടങ്ങുകളിലും സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസ്സുകൾ, സ്റ്റീൽ പ്ലേറ്റുകൾ തുടങ്ങിയവ സൗജന്യമായോ വാടകയ്ക്കോ നൽകുന്ന പദ്ധതി ആരംഭിക്കും. മറ്റു പ്രസ്ഥാനങ്ങളുടെ പൊതു പരിപാടികൾക്കും ഇവ ഉപയോഗപ്പെടുത്തും. ജില്ലയിലെ എല്ലാ റസിഡന്റ്സ് അസോസിയേഷനുകളിലും വിപുലമായ പൊതു ശുചീകരണ പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനമായി. മാർച്ച് 25 നകം പൂർണ മാലിന്യ ശേഖരണ - സംസ്കരണ സംവിധാനം ഉള്ള അസോസിയേഷനാണെന്ന് പ്രഖ്യാപിക്കുന്നതിനുള്ള കർമപരിപാടികളും യോഗം അംഗീകരിച്ചു. ഭൂമി ലഭ്യമായ ഇടങ്ങളിൽ വിവിധ മരങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്ന ചെറു പച്ചത്തുരുത്തുകൾ നിർമ്മിക്കാനും തരിശിടങ്ങളിൽ പച്ചക്കറി കൃഷി/ ചെറുധാന്യ കൃഷി/ ചോള കൃഷി / നെൽകൃഷി ഏറ്റെടുക്കാനും റസി. അസോസിയേഷൻ കർമ പരിപാടി തയ്യാറാക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ടി.ജെ.അരുണിന്റെ അധ്യക്ഷതയിലായിരുന്നു യോഗം.

## സാമ്പത്തിക സർവേ റിപ്പോർട്ടിൽ ഇരട്ടയാറിനു പ്രശംസ

മാലിന്യ സംസ്കരണത്തിൽ രാജ്യത്തിന് മാതൃകയായി ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത്. പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവേയിൽ ധനമന്ത്രി നിർമല സീതാരാമൻ പഞ്ചായത്തിനെ പരാമർശിച്ചതോടെയാണ് ഇരട്ടയാർ ദേശീയ തലത്തിൽ തിളങ്ങിയത്. മികച്ച രീതിയിലാണ് പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ. 5030 വീടുകളിൽ



നിന്നും 495 സ്ഥാപനങ്ങളിൽ നിന്നുമായി ഹരിത കർമസേനയുടെ നേതൃത്വത്തിൽ മാലിന്യ ശേഖരണം നടക്കുന്നു. ഓരോ മാസവും 4.5 മുതൽ 6 ടൺ വരെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കും. 6 മാസം കൂടുമ്പോൾ തുണി, ചില്ല്, ഇലക്ട്രോണിക്സ് മാലിന്യം, ചെരുപ്പ്, ബാഗ് തുടങ്ങിയവയും ശേഖരിക്കുന്നു. 26 ഹരിത കർമസേന അംഗങ്ങളുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ഹരിത കർമസേനയുടെ നേതൃത്വത്തിൽ ഫുഡ് വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും ജൈവവളം ഉൽപാദിപ്പിച്ച് ഇരട്ടയാറിന്റെ സ്വന്തം ബ്രാൻഡിൽ വിപണിയിൽ ഇറക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്.

## പാലക്കാട് ജില്ലാ പഞ്ചായത്തിനു കരിമ്പന വിത്തുകൾ കൈമാറി

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും സംയോജിത പരിപാടിയായ ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് വിക്ടോറിയ കോളേജിലെ 3 എൻ.എസ്.എസ്. യൂണിറ്റുകൾ ശേഖരിച്ച 1000 കരിമ്പന വിത്തുകൾ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ആശ ടീച്ചറുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾക്ക് കൈമാറി. ജൂൺ 5



അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിൽ കരിമ്പന പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനു വേണ്ടി, ഈ വിത്തുകൾ സൂക്ഷിച്ച് നഴ്സറിയാക്കാൻ കുന്നന്നൂർ, കോങ്ങാട്, അനങ്ങനടി ഫാമുകൾക്ക് ജില്ലാ പഞ്ചായത്ത് കൈമാറി. ജില്ലാ പഞ്ചായത്ത് സെക്രട്ടറി രാമൻകുട്ടി, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി, ഫാം പ്രതിനിധികൾ, ഹരിതകേരളം മിഷൻ പ്രതിനിധികൾ, എൻ.എസ്.എസ്. വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ മൊബൈൽ ആപ്പ് പരിശീലനം സംഘടിപ്പിച്ചു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തു നടപ്പാക്കി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷന്റെ പ്രായോഗിക ദ്വിദിന പരിശീലന പരിപാടി തിരുവനന്തപുരം കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിൽ സംഘടിപ്പിച്ചു. രണ്ടു ദിവസത്തെ പരിശീലന പരിപാടി നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർ പേഴ്സണുമായ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. പരിശീലനത്തിന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗം സംബന്ധിച്ച് കരകുളം ഗ്രാമപഞ്ചായത്തിലെ 15 സ്ഥാപനങ്ങൾ സന്ദർശിച്ച് പൈലറ്റ് ഫീൽഡ് സർവേയും പ്രായോഗിക പരിശീലനവും നടത്തി. ഈ സ്ഥാപനങ്ങ



ളിൽ നിന്ന് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണവും നടത്തി. സംസ്ഥാനത്ത് തിരഞ്ഞെടുത്ത 151 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നെറ്റ് സീറോ കാർബൺ ക്യാമ്പയിൻ നടത്തുന്നത്. ആദ്യഘട്ടമായി മാർച്ച് 15 നകം ജില്ലകളിൽ നിന്ന് തിരരഞ്ഞെടുക്കുന്ന 30 സ്ഥാപനങ്ങളുടെ വിവര ശേഖരണം നെറ്റ് സീറോ മൊബൈൽ ആപ്പ് ഉപയോഗിച്ച് നടത്തി തുടർ നടപടികൾ ആസൂത്രണം ചെയ്യും. സംസ്ഥാനത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെറ്റ് സീറോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺഷിപ് ട്രെയിനിമാർ എന്നിവരാണ് ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്തത്.

## ഹരിത അയൽക്കൂട്ടങ്ങളുടെ പ്രഖ്യാപനം



തിരുവനന്തപുരം പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ 284 അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടമായതിന്റെ പ്രഖ്യാപനം ജില്ലാ പഞ്ചായത്ത് അംഗം വി.എസ്. ബിനു നിർവഹിച്ചു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷനും ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു.

## ഹരിത ടൂറിസം കേന്ദ്രം-പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും

മലപ്പുറം വെട്ടം ഗ്രാമപഞ്ചായത്തും ഹരിതകേരളം മിഷനും ചേർന്നു മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത പ്രഖ്യാപനങ്ങൾ നടത്തി. ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും ഹരിത വിദ്യാലയങ്ങൾക്കും കലാലയത്തിനും



സ്ഥാപനങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റ് വിതരണവും പച്ചാട്ടിരി നൂർലേക്കിൽ പ്രസിഡന്റ് നൗഷാദ് നെല്ലാഞ്ചേരി നിർവഹിച്ചു. വൈസ് പ്രസിഡന്റ് രജനി മുല്ലയിൽ അധ്യക്ഷത വഹിച്ചു. ഹരിത ടൂറിസം കേന്ദ്രമായി നൂർലേക്കിനെ പ്രഖ്യാപിച്ച് ഉടമ നൂർ മുഹമ്മദിന് സർട്ടിഫിക്കറ്റ് കൈമാറി. ഹരിത കലാലയത്തിനുള്ള സർട്ടിഫിക്കറ്റ് TMG കോളേജ് പ്രിൻസിപ്പൽ ഏറ്റു വാങ്ങി. ഹരിത വിദ്യാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## ഹരിത പൊതു ഇടം പ്രഖ്യാപനം

തിരുവനന്തപുരം വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹരിത പൊതു ഇടം ശുചീകരണം ഉദ്ഘാടനം ഗ്രാമപഞ്ചായത് പ്രസിഡന്റ് ഷീജ സുനിൽ നിർവഹിച്ചു. ബ്ലോക്ക് ഡിവിഷൻ മെമ്പർ ഷാഹിൽ,



വാർഡ് മെമ്പർമാർ, അസിസ്റ്റന്റ് സെക്രട്ടറി, VEO, ഹരിതകേരളം മിഷൻ ആർ.പി. ഹരിത കർമസേന അംഗങ്ങൾ, ഓട്ടോ, ടാക്സി തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

## പച്ചത്തുരുത്തുകൾക്കായി നഴ്സറികൾ

പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കുന്നതിനുള്ള നഴ്സറികൾ ആരംഭിക്കാൻ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാസർകോട് ജില്ലാ കോർപ്പസ് യോഗം തീരുമാനിച്ചു. നെറ്റ് സീറോ കാർബൺ, ജൈവവൈവിധ്യ പരിപാലനം എന്നിവ സംബന്ധിച്ച് പഞ്ചായത്തിലെ കോർ ഗ്രൂപ്പ് അംഗങ്ങൾ, ബി.എം.സി. അംഗങ്ങൾ, സോളാർ സ്ഥാപിച്ച സ്കൂളുകളിലെ നോഡൽ ഓഫീസർമാർ എന്നിവർക്കുള്ള ജില്ലാ ശിൽപശാല ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചേരും. ഹരിതകേരളം മിഷൻ മുഖേന നിർദ്ദേശിച്ച ഹരിതദൃഷ്ടി മൊബൈൽ ആപ്പ് വഴിയുള്ള സർവേ ഉടൻ ആരംഭിക്കും. ജില്ലാ പഞ്ചായത്ത് മുഖേന സോളാർ, ഹരിത പദവി നേടുന്നതിനുള്ള മറ്റ് പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ നിലവിലെ അവസ്ഥ വിലയിരുത്തി നെറ്റ് സീറോ കാർബൺ അവസ്ഥ പഠിക്കും. ജില്ലാ പഞ്ചായത്ത് ഘടക സ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും എനർജി ഓഡിറ്റ് ഇ.എം.സി. മുഖേന ത്വരിതപ്പെടുത്തും.

## ഹരിത കർമസേനകൾക്ക് ഇലക്ട്രിക് വാഹനം

പത്തനംതിട്ട പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ ഹരിത കർമസേനയ്ക്ക് ഇലക്ട്രിക് വാഹനം നൽകുന്ന പദ്ധതി മാത്യു ടി.തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വിജി നൈനാൻ അധ്യക്ഷത വഹിച്ചു.



നിരണം, കടപ്ര എന്നീ ഗ്രാമപഞ്ചായത്തുകൾക്കാണ് വാഹനം നൽകിയത്. കടപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നിഷ അശോകൻ, നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അലക്സ് പുത്തൂപ്പള്ളിൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനിൽകുമാർ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ മറിയാമ്മ എബ്രഹാം, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.ബി. അനീഷ്, ബ്ലോക്ക് അംഗം വിശാഖ് വെൺപാല എന്നിവർ പ്രസംഗിച്ചു.

## ഹരിതസംവാദം സംഘടിപ്പിച്ചു



മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജനറൽ ഹോസ്പിറ്റലിലും ഡി.എം.ഒ ഓഫീസിലും ജീവനക്കാർക്കായി ഹരിതസംവാദം നടത്തി. സ്ഥാപനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നതിനായാണ് ഹരിതസംവാദം സംഘടിപ്പിച്ചത്. ജനറൽ ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ ജില്ല മെഡിക്കൽ ഓഫീസർ ഡോ. ആശാദേവി, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ശഹീർഷ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ. ആരതി കൃഷ്ണൻ, ജില്ലാ നഴ്സിംഗ് ഓഫീസർ പ്രീതി എന്നിവർ പങ്കെടുത്തു. സ്ഥാപനത്തെ ഹരിത സ്ഥാപനമാക്കി മാറ്റുന്നതിന് ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുതൽ പരിസ്ഥിതി സംരക്ഷണത്തിനായി മാലിന്യ പരിപാലനത്തിൽ ജീവനക്കാരുടെ പങ്ക് വ്യക്തമാക്കുന്ന സന്ദേശങ്ങളും പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതകളുമായിരുന്നു സംവാദ വിഷയം. ഡോക്ടർമാർ ഉൾപ്പെടെ 400 ലധികം സ്റ്റാഫ് അംഗങ്ങൾ ഹരിത സംവാദത്തിൽ പങ്കെടുത്തു. സ്ഥാപനങ്ങളിൽ മാത്രമല്ല ജീവനക്കാരുടെ വീടുകളിലും ഹരിത പ്രോട്ടോക്കോൾ പാലിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത സംവാദം സംഘടിപ്പിച്ചത്.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ഇടുക്കിയിൽ ഊർജ്ജിതം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്നാംഘട്ടത്തിൽ ജില്ലയിൽ ഒട്ടാകെ നടന്ന പ്രവർത്തനങ്ങളുടെ പ്രഖ്യാപനം എ. രാജ




എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഇടുക്കി പള്ളിവാസൽ പഞ്ചായത്ത് കുരിശുപാറ ടൗണിൽ നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഭിലാഷ് സ്വാഗതം ആശംസിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ വിഷയാവതരണം നടത്തി. പഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ,രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യാപാരി വ്യവസായി അംഗങ്ങൾ, ഓട്ടോ ടാക്സി തൊഴിലാളികൾ,പഞ്ചായത്ത് അംഗങ്ങൾ, ഹരിതകേരളം മിഷൻ, റീ സിറ്റി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഓർമ പച്ചത്തുരുത്ത്



ഹരിതകേരളം മിഷന്റെയും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ആലപ്പുഴ പുന്നപ്ര സെന്റ് ഗ്രിഗോറിയസ് പള്ളി അങ്കണത്തിൽ സ്ഥാപിക്കുന്ന രണ്ടാം ഘട്ട പച്ചത്തുരുത്ത് അമ്പലപ്പുഴ എം.എൽ.എ. എച്ച്.സലാം ഉദ്ഘാടനം ചെയ്തു. സെന്റ് ഗ്രിഗോറിയസ് പള്ളി അധികാരികളാണ് പച്ചത്തുരുത്ത് സ്ഥാപിക്കാനുള്ള സ്ഥലം നൽകിയത്. കോന്നി ഫോറസ്റ്റ് ഡിവിഷനിൽ നിന്നും ഹരിതകേരളം മിഷൻ ലഭ്യമാക്കിയ നീർമരുത്, മണിമരുത്, വെള്ളപ്പൈൻ, കമ്പകം, ഞാറ, ഞാവൽ, ആര്യവേപ്പ്, കാട്ടുചെമ്പകം എന്നീ വൃക്ഷത്തൈകളാണ് പച്ചത്തുരുത്തിൽ നട്ടത്.സെന്റ് ഗ്രിഗോറിയസ് പള്ളിയിൽ നിന്നും സ്ഥലംമാറിപോകുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകിയ ഫാദർ അനിൽ കരിപ്പിങ്ങാപുറത്തിന്റെ സേവനങ്ങളുടെ ഓർമ്മയ്ക്കായാണ് പച്ചത്തുരുത്ത് സ്ഥാപിച്ചത്. യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് പി.ജി. സൈറസ് അധ്യക്ഷനായി. ഫാദർ അനിൽ കരിപ്പിങ്ങാപുറം മുഖ്യാതിഥിയായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ് മുഖ്യപ്രഭാഷണം നടത്തി.

# കുമ്പളങ്ങിയിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം

എറണാകുളം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ കണ്ടക്കടവിലെ ശുചിത്വതീരം പാർക്കിൽ നവീകരിക്കപ്പെട്ട തുമ്പൂർമുഴി യൂണിറ്റിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം ഒരുങ്ങുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂസൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ പിന്തുണയോടെ 4 വർഷമായി പ്രവർത്തന ശൂന്യമായിരുന്ന യൂണിറ്റ് വീണ്ടെടുക്കുകയായിരുന്നു. കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എ. സഗീർ അധ്യക്ഷത




വഹിച്ചു. എക്കോ നോവ സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് ആദ്യ ഘട്ടത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള കാറ്ററിംഗ് സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിൽ നിന്നും ജൈവമാലിന്യ ശേഖരണം ആരംഭിക്കും.

# തരിശു രഹിതഗ്രാമം, ഹരിത സമൃദ്ധി വാർഡ്

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കോട്ടയം ജില്ലയിൽ തരിശു രഹിത ഗ്രാമം പദ്ധതി, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, ഹരിത സമൃദ്ധി വാർഡ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനായുള്ള യോഗം ഫെബ്രുവരി 11 ന് കോട്ടയം കളക്ടേറ്റിൽ നടത്തി.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കാനായി ജില്ലയിൽ 15 ഗ്രാമപഞ്ചായത്തുകളെയാണ് ഹരിതകേരളം മിഷൻ തിരഞ്ഞെടുത്തത്. ആദ്യഘട്ടത്തിൽ ഇത്തരം പഞ്ചായത്തുകളിൽ പരമാവധി സ്ഥലങ്ങൾ കൃഷി യോഗ്യമാക്കി തരിശു രഹിത ഗ്രാമമായി പ്രഖ്യാപിക്കുകയാണ് ലക്ഷ്യം. എല്ലാ വാർഡുകളിലെയും എല്ലാ വീടുകളിലും കൃഷി വ്യാപിപ്പിച്ച് ഹരിത സമൃദ്ധി വാർഡ് എന്ന ലക്ഷ്യം കൈവരിക്കാനും ആരാധനാലയങ്ങളിലും മത സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശു ഭൂമിയിലും കൃഷി വ്യാപിപ്പിച്ച്



ദേവഹരിതം പദ്ധതി നടപ്പാക്കാനും യോഗത്തിൽ തീരുമാനിച്ചു. വ്യവസായ സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും സ്കൂളുകളുടേയും ഉടമസ്ഥതയിലുള്ള തരിശായ ഭൂമിയിലും കൃഷി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചു. ഹരിതകേരളം മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ്, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. ഐസക്, കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ബിന്ദു റ്റി. തുടങ്ങിയവർ സംസാരിച്ചു.

# ഹരിത ജംഗ്ഷൻ പ്രഖ്യാപനം

ആലപ്പുഴ പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്തിലെ പത്തിൽ പാലം ജംഗ്ഷനും അസംബ്ലി ജംഗ്ഷനും ഹരിത ജംഗ്ഷനുകളായി പ്രഖ്യാപിക്കുകയും ബോട്ടിൽ ബൂത്ത് സ്ഥാപിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിത സതീശൻ പ്രഖ്യാപനം നടത്തി. ഗ്രാമപഞ്ചായത്ത് വൈസ്



പ്രസിഡന്റ് സരിത അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ കെ.എസ്. രാജേഷ് മുഖ്യ അതിഥി ആയിരുന്നു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ബാലുശ്ശേരി ബ്ലോക്ക് ജലബജറ്റ് പ്രകാശിപ്പിച്ചു

കോഴിക്കോട് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ജലബജറ്റ് പ്രകാശനം കെ.എം. സച്ചിൻദേവ് എം.എൽ.എ. നിർവഹിച്ചു. ബ്ലോക്ക് പ്രസിഡന്റ് വി.കെ. അനിത



അധ്യക്ഷയായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ് ജലബജറ്റ് റിപ്പോർട്ട് ഏറ്റുവാങ്ങി. ബ്ലോക്ക് പരിധിയിലെ എല്ലാ പഞ്ചായത്തിലും കൃഷി, കുടിവെള്ളം, വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ്, വിനിയോഗ രീതി, കുളങ്ങൾ, പുഴകൾ, തടയണകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഭാവി ആവശ്യങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടുകളും നിർദ്ദേശങ്ങളും അടങ്ങിയതാണ് ജലബജറ്റ് റിപ്പോർട്ട്. ഹരിതകേരളം മിഷൻ ജില്ല കോർഡിനേറ്റർ പി.ടി. പ്രസാദ് ജലബജറ്റ് പദ്ധതി പ്രവർത്തനത്തെയും തുടർ പ്രവർത്തനവും സംബന്ധിച്ച് വിശദീകരിച്ചു.

# കോന്നി ഗ്രാമപഞ്ചായത്തിൽ ഹരിത പ്രഖ്യാപനങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പത്തനംതിട്ട കോന്നി ഗ്രാമപഞ്ചായത്തിൽ ഹരിത വിദ്യാലയം, ഹരിത ടൂറിസ്റ്റ് കേന്ദ്രം, ഹരിത അങ്കണവാടി, ഹരിത ഓഫീസ്, ഹരിത അയൽക്കൂട്ടം തുടങ്ങിയവയുടെ പ്രഖ്യാപനം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനി സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് റോജി എബ്രഹാം അധ്യക്ഷനായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ തോമസ് കാലായിൽ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ, പഞ്ചായത്ത് അംഗം വി.റ്റി. അജോമോൻ തുടങ്ങിയവർ പങ്കെടുത്തു.

# ഹരിത ടൗണായി കൂത്തുപറമ്പ്

ഹരിതടൗണായി കണ്ണൂരിലെ കൂത്തുപറമ്പ് നഗരത്തെ പ്രഖ്യാപിച്ചു. നഗരത്തിലെ ഡിവൈഡറുകളിലെല്ലാം മൺചട്ടികളിൽ പൂച്ചെടികൾ നട്ടു. ഹരിത ടൗൺ പ്രഖ്യാപനം കെ.പി. മോഹനൻ എം.എൽ.എ. നിർവഹിച്ചു. നഗരസഭാധ്യക്ഷ വി. സുജാത അധ്യക്ഷത വഹിച്ചു.



# മഹാരാജാസ് കോളേജിൽ ഹരിതസംവാദം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം മഹാരാജാസ് കോളേജിൽ ഹരിതസംവാദം സംഘടിപ്പിച്ചു. ഹരിത ക്യാമ്പസായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി മഹാരാജാസ് കോളജും ഹരിതകേരളം മിഷനും ചേർന്ന് സംഘടിപ്പിച്ച പരിപാടി നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി ഉദ്ഘാടനം ചെയ്തു. കോളേജ് വൈസ് പ്രിൻസിപ്പൽ ജി.എൻ. പ്രകാശ് അധ്യക്ഷനായി. ഹരിതകേരളം മിഷൻ റിസോഴ്സ്പേഴ്സൺ എ.എ. സുരേഷ്, അഭിലാഷ് അനിരുദ്ധൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഡോ. കെ. ഷൈലജ, കോളേജ് യൂണിയൻ



വൈസ് ചെയർമാൻ പി. അഥീന, ഹരിതകേരളം മിഷൻ റിസോഴ്സ്പേഴ്സൺ നിസ്സാ നിഷാദ് എന്നിവർ സംസാരിച്ചു.

# പരിയാരം ഗ്രാമപഞ്ചായത്ത് – ശുചീകരണ പ്രവർത്തനങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട ഹരിത ടൗൺ-ഹരിത വീഥി ശുചീകരണ പ്രവർത്തനങ്ങൾ കണ്ണൂർ പരിയാരം ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ്, വാർഡ്




മെമ്പർമാർ, ഉദ്യോഗസ്ഥർ, ഹരിത കർമസേന പ്രവർത്തകർ, നിർമ്മല ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ.എസ്.എസ്. വിദ്യാർത്ഥികൾ, അധ്യാപകർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവർ മെഗാ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. പരിയാരം ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയായ ചക്രപാണി മുതൽ പരിയാരം പഞ്ചായത്ത് വരെയുള്ള സംസ്ഥാന പാത വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ശുചീകരണം നടത്തി. തുടർന്ന് നടന്ന യോഗത്തിൽ ഹരിത ടൗൺ പ്രഖ്യാപനം നടന്നു.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി എറണാകുളം ഉദയമ്പേരൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനാംഗങ്ങൾക്ക് പഞ്ചായത്ത് വാങ്ങി നൽകിയ ഇലക്ട്രിക് ഓട്ടോ സിനിമ സീരിയൽ നടൻ സാജു നവോദയ ഫ്ലാഗ് ഓഫ് ചെയ്തു.



# മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കണ്ണൂർ ജില്ലയിലെ മികച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് ആദരം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ കണ്ണൂർ ജില്ലയിൽ മികച്ചു നിൽക്കുന്നതും വേറിട്ട മാതൃകകൾ സംഭാവന ചെയ്തതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആദരിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർമാരായ ടിപി സുധാകരൻ, എബ്രഹാം കോശി, എസ്. യു. സഞ്ജീവ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അരുൺ ടി.ജെ., ജില്ലാ പ്ലാനിങ് ഓഫീസർ നിനോജ് മേപ്പാടിയത്ത്, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ ക്യാമ്പയിൻ പ്രവർത്തന അവലോകനവും ഇതോടൊപ്പം നടന്നു. മാലിന്യമുക്ത ജില്ല എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ നടത്തുന്നതിന് യോഗം തീരുമാനിച്ചു. കാങ്കോൽ ആലപ്പടമ്പ്, കരിവെള്ളൂർ, കുഞ്ഞിമംഗലം, ചപ്പാരപ്പടവ്, കുറുമാത്തൂർ, പടിയൂർ, കുറ്റ്യാട്ടൂർ, മലപ്പട്ടം, ചെറുതാഴം, ചെറുകുന്ന്, കണ്ണപുരം, പാപ്പിനിശ്ശേരി, പെരളശ്ശേരി, വേങ്ങാട്, പിണറായി, അഞ്ചരക്കണ്ടി, കോട്ടയം, കതിരൂർ, പന്ന്യന്നൂർ, പായം, കൂടാളി, കേളകം, പേരാവൂർ, പയ്യന്നൂർ, ആന്തൂർ, മട്ടന്നൂർ, ഇരിട്ടി, ശ്രീകണ്ഠാപുരം, പേരാവൂർ, തളിപ്പറമ്പ്, കല്യാശ്ശേരി, പാനൂർ എന്നീ തദ്ദേശസ്ഥാപനങ്ങൾക്കാണ് മാലിന്യ സംസ്കരണ മേഖലയിൽ വ്യത്യസ്ത മാതൃകകൾ സൃഷ്ടിച്ചതിനുള്ള ആദരം നൽകിയത്.

## എൽ.ഇ.ഡി. ബൾബ് റിപ്പയറിങ് പരിശീലനം



എനർജി മാനേജ്മന്റ് സെന്റർ സംഘടിപ്പിച്ച ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള യോടനുബന്ധിച്ച് തിരുവനന്തപുരം തൈക്കാട് പോലീസ് മൈതാനിയിൽ ഹരിത കർമസേന അംഗങ്ങൾ ക്കായി മെഗാ എൽഇഡി ബൾബ് റിപ്പയറിംഗ് പരിശീലന പരിപാടി സംഘടിപ്പിച്ചു. നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പരിശീലന പരി പാടി ഉദ്ഘാടനം ചെയ്തു. വിവിധ ജില്ലകളിലുള്ള എഴുന്നൂറോളം ഹരിതകർമസേന അംഗങ്ങൾ പരിപാടിയുടെ ഭാഗമായി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് വരുമാന മാർഗം കണ്ടെത്താൻ സാധിക്കുന്ന രീതിയിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. എനർജി മാനേജ്മെന്റ് സെന്റർ റിസോഴ്സ് പേഴ്സൺ സാബിർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. തിരുവനന്തപുരം എൽ.ബി. എസ്. കോളേജിലെ അൻപതോളം വിദ്യാർഥിനികൾ പരിശീലന പരി പാടി ഏകോപിപ്പിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി അസ്സിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ ബി.വി. സുഭാഷ് എന്നിവർ സംസാരിച്ചു.

## ചക്കരക്കൽ ഇനി ഹരിത ടൗൺ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗ മായി കണ്ണൂർ ജില്ലയിലെ ചെമ്പിലോട്, അഞ്ചരക്കണ്ടി, മുണ്ടേരി ഗ്രാമപഞ്ചായ ത്തുകൾ സംയുക്തമായി ചക്കരക്കൽ ടൗണിനെ ഹരിത ടൗണായി പ്രഖ്യാ പിച്ചു. ജില്ലാ കലക്ടർ അരുൺ കെ. വിജയൻ ഹരിത ടൗൺ പ്രഖ്യാപനം നടത്തി. ടൗണിന്റെ ശുചിത്വ പ്രഖ്യാ പനവും ഹരിത സന്ദേശ യാത്രയും സംഘടിപ്പിച്ചാണ് ഹരിത ടൗൺ പ്രഖ്യാപനം നടത്തിയത്. പൊതു ഇടങ്ങളായ ചെമ്പിലോട് ഗ്രാമപഞ്ചാ




യത്തിലെ കോമത്ത് കുന്നുമ്പ്രം, അഞ്ചര ക്കണ്ടി ഗ്രാമപഞ്ചായത്തിലെ ചക്കര ക്കൽ ടാക്സി സ്റ്റാൻഡ്, പാളയം, കുഴി മ്പാലോട് എന്നീ പ്രദേശങ്ങളുടെ ഹരിത പ്രഖ്യാപനവും നടത്തി. അഞ്ച രക്കണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി. ലോഹിതാക്ഷൻ അധ്യക്ഷത വഹിച്ചു.

## കോട്ടക്കുന്ന് ടൂറിസം പാർക്ക് മാലിന്യമുക്ത ഹരിത പാർക്കായി

മലപ്പുറം കോട്ടക്കുന്ന് ടൂറിസം പാർക്ക് മാലിന്യമുക്ത ഹരിത പാർക്കായി കലക്ടർ വി.ആർ. വിനോദ് പ്രഖ്യാപിച്ചു. കോട്ടക്കുന്നിൽ സംഘടിപ്പിച്ച പരിപാടിയിൽ നഗരസഭാ ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ അബ്ദുൾ ഹമീദ് പരി അധ്യക്ഷനായി. ടൂറിസം ഉപമേധാവി, ഡി.ടി.പി.സി. സെക്രട്ടറി, വാർഡ് കൗൺസിലർ പി.എസ്.എ. സെബീർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജിതിൻ എന്നിവർ സംസാരിച്ചു. നഗരസഭാ സെക്രട്ടറി കെ.പി. ഹസീന സ്വാഗതവും നഗരസഭാ ക്ലീൻ സിറ്റി മാനേജർ കെ.



മധുസൂദനൻ നന്ദിയും പറഞ്ഞു.

## വള്ളിക്കോട് ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം

മാലിന്യമുക്തം നവകേരളം ജനകീയക്യാമ്പയിന്റെ ഭാഗമായി ജലസ്രോതസുക ളുടെയും നീർച്ചാലുകളുടെയും വീണ്ടെടുപ്പ് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാം ഘട്ടം പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ തുടങ്ങി. വാർഡ് ഏഴിൽ വാഴമുട്ടം കിഴക്കുള്ള മുണ്ടുതോട് നവീകരണ ത്തിന്റെ ഭാഗമായി നീർച്ചാൽ നടത്തവും മൂന്നാംഘട്ടം പദ്ധതിയുടെ തദ്ദേശ സ്ഥാപനതല ഉദ്ഘാടനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. മോഹനൻ നായർ നിർവഹിച്ചു. പഞ്ചാ യത്ത് വൈസ് പ്രസിഡന്റ് സോജി പി. ജോൺ, വാർഡ് അംഗങ്ങളായ സുധാകരൻ, അഡ്വ. തോമസ് ജോസ്, പ്രസന്നകുമാരി, ലിസി, ലക്ഷ്മി, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ഇനി ഞാൻ ഒഴുകട്ടെ മൂന്നാംഘട്ടം ആലപ്പുഴ ജില്ലാതല ഉദ്ഘാടനം

നീർച്ചാലുകൾ ശുചീകരിച്ച് നവീകരിക്കുന്ന ഇനി ഞാൻ ഒഴുകട്ടെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു. പുറക്കാട് ഗ്രാമപഞ്ചായത്തിലെ ചേമ്പുതറ തോടാണ് ഉദ്ഘാടനത്തിനായി തിരഞ്ഞെ ടുത്തത്. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുദർശനൻ എ.എസ്. അധ്യക്ഷനായി. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ കെ.എസ്. രാജേഷ് സ്വാഗതം ആശംസിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.എസ്. മായാദേവി ശുചിത്വ പ്രതിജ്ഞ ചൊല്ലി. നവകേരളം കർമപദ്ധതി സംസ്ഥാന അസിസ്റ്റന്റ് കോഡിനേറ്റർ ടി.പി. സുധാകരൻ




മുഖ്യ അതിഥിയായി. ജനപ്രതിനിധികൾ, ഓവർസിയർമാർ, കുടുംബശ്രീ പ്രവർത്തകർ തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## സന്ദേശയാത്ര സംഘടിപ്പിച്ചു

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ 48-ാം ഡിവിഷൻ നേതൃത്വത്തിൽ പൊന്നുരുന്നി സെയിന്റ് റീത്താസ് സ്കൂളുമായി ചേർന്ന് വിദ്യാർത്ഥികളിൽ മാലിന്യമുക്ത അവബോധം വളർത്തിയെടുക്കുന്നതിനായി സന്ദേശയാത്ര സംഘടിപ്പിച്ചു. ദേശീയപാത 66 പൊന്നുരുന്നി പ്രദേശം ക്ലീൻ ചെയ്തു. അഡ്വ. ദിപിൻ ദിലീപ് ഉദ്ഘാടനം ചെയ്തു. സ്കൂളിലെ പ്രധാന അധ്യാപിക വിറോണി ഷീന പി.പി. അധ്യക്ഷത വഹിച്ചു.



## ഹിൽപാലസ് മ്യൂസിയത്തിൽ - ഗ്രീൻ ടോക്ക്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ഹരിത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം തൃപ്പൂണിത്തറ ഹിൽ പാലസ് മ്യൂസിയത്തിൽ ഗ്രീൻ ടോക്ക് സംഘടിപ്പിച്ചു. ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി പുരാവസ്തു വകുപ്പ്, തൃപ്പൂണിത്തറ മുൻസിപ്പാലിറ്റി, ഹരിതകേരളം മിഷൻ എന്നിവ ചേർന്ന് സംഘടിപ്പിച്ച പരിപാടി മുൻസിപ്പൽ ചെയർപേഴ്സൺ രമ സന്തോഷ് ഉദ്ഘാടനം ചെയ്തു. മുൻസിപ്പൽ സെക്രട്ടറി സുഭാഷ് പി.കെ. ആമുഖാവതരണം നടത്തി. ഹിൽ പാലസ് ചാർജ് ഓഫീസർ കെ.വി. ശ്രീനാഥ് അധ്യക്ഷത വഹിച്ചു. ഹിൽ പാലസ്സിലെയും, പൈതൃക പഠന കേന്ദ്രത്തിലെയും ഓഫീസ് ജീവനക്കാർ, ഹിൽ പാലസ് ക്യാമ്പസിൽ പ്രർത്തിക്കുന്ന കാന്റീനുകൾ, എന്നിവിടങ്ങളിലെ ജീവനക്കാരും പരിപാടിയിൽ പങ്കെടുത്തു.

## പാലക്കാട് വിക്ടോറിയ കോളേജിൽ മെഗാ ശുചീകരണ ക്യാമ്പയിൻ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ഗവൺമെന്റ് വിക്ടോറിയ കോളേജ് സമ്പൂർണ്ണ ഗ്രീൻ ക്യാമ്പസ് ആകുന്നതിനു മുന്നോടിയായി 2025 ഫെബ്രുവരി 25 നു മെഗാ ശുചീകരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. കോളേജിലെ 18 ഡിപ്പാർട്ട്മെന്റുകളും ക്യാമ്പയിനിൽ പങ്കെടുത്തു. രാവിലെ 10 മണിക്ക് ആരംഭിച്ച ക്ലീനിങ് ക്യാമ്പയിൻ, വൈകുന്നേരം അഞ്ചുമണി വരെ ഉണ്ടായിരുന്നു. എല്ലാ ഡിപ്പാർട്ട്മെന്റുകളും അവരവരുടെ ബ്ലോക്കിന് സമീപം മാലിന്യങ്ങൾ തരംതിരിച്ച് മാറ്റിവച്ചു. കോളേജിനകത്ത് വീഴുന്ന കരിയിലകൾ എൻ.എസ്.എസ്, എൻ.സി.സി. വിദ്യാർത്ഥികൾ പ്രത്യേകം ശേഖരിച്ചു. പാലക്കാട് നഗരസഭയിലെ ശുചീകരണ തൊഴിലാളികൾ ഈ കരിയിലകൾ കൊണ്ടു പോവുകയും ചെയ്തു. തരംതിരിച്ച മാലിന്യങ്ങൾ ഹരിത കർമസേനയ്ക്കു കൈമാറി. അധ്യാപകരും, വിദ്യാർത്ഥികളും ഉൾപ്പെടെ 1500 പേർ ശുചീകരണ ക്യാമ്പയിനിൽ പങ്കെടുത്തു.



## ആളൂർ ഗ്രാമപഞ്ചായത്ത് 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ട പ്രവർത്തനങ്ങൾ

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നീർച്ചാലുകളുടെ നവീകരണം ക്യാമ്പയിനായ 'ഇനി ഞാൻ ഒഴുകട്ടെയുടെ പ്രവർത്തനോദ്ഘാടനം തൃശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ പറയൻ തോടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജോജോ ഉദ്ഘാടനം ചെയ്തു.



## മാതൃകാ ഹരിത വിദ്യാലയമായി തൃത്താല എം.എം.എ. എൽ.പി. സ്കൂൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ ഹരിത ഓഡിറ്റിൽ എ പ്ലസ് ഗ്രേഡ് നേടിയ പാലക്കാട് ചാലിശ്ശേരി ഗ്രാമപഞ്ചായത്തിലെ കവുക്കോട് എം.എം.എ. എൽ.പി.സ്കൂളിനു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഹരിത വിദ്യാലയം സർട്ടിഫിക്കറ്റ് കൈമാറി. പഞ്ചായത്ത് പ്രസിഡന്റ് വിജേഷ് കുട്ടൻ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ, പരിസരവാസികൾ, പൗര പ്രമുഖർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. തൃത്താലയിലെ തീർത്തും ഗ്രാമീണമായ ഒരു പ്രൈമറി സ്കൂളാണ് എം.എം.എ.എൽ.പി. സ്കൂൾ. മാലിന്യമുക്ത നവകേരളം കെട്ടിപ്പടുക്കാൻ ഒരു വിദ്യാലയത്തിലെ കുരുന്നുകളും അധ്യാപകരും രക്ഷിതാക്കളും കൈ കോർത്തപ്പോൾ സംഭവിച്ച മാറ്റം അദ്ഭുതാവഹമാണ്. ഗ്രേ വാട്ടർ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയതിനാൽ ദ്രവമാലിന്യ പ്രശ്നങ്ങളും ഇല്ലാത്ത സ്കൂൾ പരിസരം സൃഷ്ടിക്കപ്പെട്ടു. എല്ലായിടത്തു നിന്നുമുള്ള മലിന ജലം കൃത്യമായി സോക്ക് പിറ്റിലേക്ക് എത്തിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത



കർമസേനക്ക് കൈമാറുകയും ചെയ്യുന്നു. സ്കൂൾ കോമ്പൗണ്ടിൽ വീഴുന്ന കരിയിലകൾ കമ്പോസ്റ്റ് ആക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സ്കൂൾ കോമ്പൗണ്ടിൽ രണ്ട് കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യങ്ങൾ കൃത്യമായി ഈ പിറ്റിൽ നിക്ഷേപിച്ച്, സംസ്കരിച്ച് വളമാക്കി മാറ്റുകയും സ്കൂളിലെ തന്നെ അടുക്കളത്തോട്ടത്തിലെ കൃഷിക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.

## കാൻസർ സ്ക്രീനിംഗിൽ എല്ലാവരും പങ്കാളികളാകണം : നിയമസഭാ സ്പീക്കർ

'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' കാൻസർ സ്ക്രീനിംഗ് ജനകീയ ക്യാമ്പയിനിന്റെ ഭാഗമായുള്ള സ്ക്രീനിംഗിൽ എല്ലാവരും പങ്കാളികളാകണമെന്ന് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ. ആരോഗ്യ വകുപ്പ് കാൻസറിനെതിരെ വലിയൊരു ക്യാമ്പയിനാണ് നടത്തി വരുന്നത്. നേരത്തെ സ്ക്രീനിംഗ് നടത്തി കാൻസർ ഇല്ലായെന്ന് ഉറപ്പ് വരുത്തണം. ജപ്പാൻ പോലെയുള്ള വികസിത രാജ്യങ്ങൾ 40 വയസിന് മുകളിലുള്ളവരെ സ്ക്രീൻ ചെയ്യുമ്പോൾ കേരളം 30 വയസ് മുതൽ സ്ക്രീൻ ചെയ്യുന്നുണ്ട്. നിയമസഭാ വനിതാ എംഎൽഎമാർക്കും വനിതാ ജീവനക്കാർക്കുമുള്ള കാൻസർ സ്ക്രീനിംഗ് പരിപാടി ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുക



യായിരുന്നു സ്പീക്കർ.

ആളുകൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് ജനപ്രതിനിധികളുടെ സ്ക്രീനിംഗ് സഹായിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. പലരും അവസാന സ്റ്റേജുകളിലാണ് പരിശോധനയ്ക്ക് എത്തുന്നത്. അതിനാൽ ചികിത്സയും സങ്കീർണമാകുന്നു. വലിയ സാമ്പത്തിക ഭാരവുമാകും. ആദ്യം തന്നെ കാൻസർ കണ്ടുപിടിച്ചാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും എന്ന ആത്മവിശ്വാസവും ബോധ്യവും വളർത്തിയെടുക്കുന്ന ബിഹേവിയറൽ ചേഞ്ചാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മന്ത്രിമാർ, എം.എൽ.എ.മാർ, നിയമസഭാ ജീവനക്കാർ എന്നിവർ സ്ക്രീനിംഗിൽ പങ്കെടുത്തു.

## 'പളുങ്ക് ' ചിത്രകഥ പ്രകാശിപ്പിച്ചു

മാലിന്യമുക്ത നവകേരളത്തിനായി കുട്ടികളെ ബോധവൽക്കരിക്കാൻ കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധീകരിച്ച ചിത്രകഥാ പുസ്തകമായ 'പളുങ്ക്' നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പ്രകാശിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രഞ്ജിത്ത് അധ്യക്ഷനായി. പുസ്തകം ആശയാവിഷ്കാരം നടത്തിയ സജിത് ഘോഷിന് ഉപഹാരം സമർപ്പിച്ചു.



ബ്ലോക്കിലെ ആറു ഗ്രാമപഞ്ചായത്തിലെയും മുതിർന്ന ഹരിത കർമസേനാംഗങ്ങളെ ചടങ്ങിൽ ആദരിച്ചു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246